**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091** **11-08-2021 - ൽ മറുപടിയ്ക്ക്**

**പെർഫോമൻസ് ഓഡിറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രവർത്തിച്ചിരുന്ന പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയ വിപുലമായ ചുമതലകളും വർദ്ധിച്ച തോതിലുള്ള ഫണ്ടും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും 1997 ലെ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ എന്നിവയിലൂടെ രൂപം നൽകിയ സംവിധാനമാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം. സംസ്ഥാന തലത്തിലുള്ള പെർഫോമൻസ് അതോറിറ്റിയുടെ കീഴിൽ മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർ, ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർ, ബ്ലോക്ക് തല പെർഫോമൻസ് ഓഡിറ്റ്, റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലായാണ് വിവിധ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | വകുപ്പിന്റെ പെർഫോമൻസുമായി ബന്ധപ്പെട്ട ഇന്റേണൽ ഓഡിറ്റ് സംവിധാനം മെച്ചപ്പെട്ടതും സുതാര്യവുമാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള ഇന്റേണൽ ഓഡിറ്റ് സെല്ലും മോണിട്ടറിംഗ് കമ്മിറ്റിയുമടങ്ങിയ ഇന്റേണൽ ഓഡിറ്റ് സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അതാത് വകുപ്പ് തലവൻമാരുടെ കാര്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ